പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1584

18.06.2012 ൽ മറുപടിയ്ക്ക്

## അപകടത്തിൽപെട്ട് നട്ടെല്ല് തകർന്നവരുടെ സഹായികൾക്ക് പെൻഷൻ നൽകാൻ നടപടി

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി

(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | അപകടത്തിൽപെട്ട് നട്ടെല്ല് തകർന്ന് കിടപ്പിലായവർക്ക് പരിചരണം നൽകുന്ന സഹായികൾക്ക് പെൻഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതിയിൽ തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിട്ട് ശയ്യാവലംബരായി വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവർ, ബുദ്ധിമാന്ദ്യം ഉള്ളവർ, സെറിബ്രൽ പാൾസ്/ഓട്ടിസം മൂലം അവശതയുള്ളവർ തുടങ്ങിയ വിഭാഗങ്ങൾക്ക് മുഴുവൻ സമയ പരിചരണം നൽകുന്നവർക്ക് പ്രതിമാസം 400/- രൂപ ധനസഹായം നൽകി വരുന്നു. നട്ടെല്ല് തകർന്ന് കിടപ്പിലായവരെ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി നിലവിൽ ആനുകൂല്യം അനുവദിച്ചു വരുന്നു. |
| ബി | ഇത്തരത്തിൽ അപകടത്തിൽ പെട്ടവരെ വരുമാന പരിധി നോക്കാതെ ബി.പി.എൽ. പരിധിയിൽ ഉൾപ്പെടുത്തുവാൻ ആലോചിക്കുമോ ; | ബി | ഇപ്പോൾ പരിഗണനയിലില്ല |
| സി | നട്ടെല്ല് തകർന്നവർക്ക് ആയിരം രൂപ പെൻഷൻ നൽകുന്നതിന് തീരുമാനം കൈക്കൊള്ളുമോ ? | സി | ഇപ്പോൾ പരിഗണനയിലില്ല |

R. Vijayan

സെക്ഷൻ ഓഫീസർ